"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ താമസിക്കുന്ന ശ്രീ. വിനോദ് കൊളത്താപ്പിള്ളിയുടെ മകൾ കുമാരി ശിവാനിക്ക് പഠനാവശ്യത്തിന് ലാപ്ടോപ്പ് കമ്പ്യൂട്ടർ നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1435/2024/LSGD തീയതി,തിരുവനന്തപുരം, 05-08-2024

---

പരാമർശം:-

1. കോടശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/01/2024-ലെ എസ്.സി-1/2024 നമ്പർ കത്തും, പഞ്ചായത്ത് കമ്മിറ്റിയുടെ 25/11/2023-ലെ 1 (20) നമ്പർ തീരുമാനവും.
2. ശ്രീ. വിനോദ് കൊളത്തപ്പിള്ളിയുടെ 20/11/2023-ലെ കത്തും അനുബന്ധ രേഖകളും.
3. 17/07/2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.12 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കുണ്ടുകുഴിപ്പാടം ദേശത്ത് അഞ്ചാം വാർഡിൽ സ്ഥിരതാമസക്കാരനായ ശ്രീ. കൊളത്താപ്പിള്ളി വിനോദിന്റെ അർബുദ ബാധിതയായ മകൾ കുമാരി ശിവാനിക്ക് ചികിത്സയുടെ പാർശ്വഫലങ്ങൾ മൂലം കണ്ണിന്റെ ഞരമ്പുകൾക്ക് ബലക്ഷയം സംഭവിക്കുകയും പുസ്തകത്തിൽ നോക്കുന്നതിനോ, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനോ സാധിക്കാതെ വന്നിരിക്കുകയുമാണ്. ആയതിനാൽ വിദ്യാർത്ഥിക്ക് പഠനത്തിന് തടസ്സം നേരിടുന്നതിനാൽ, ലാപ്ടോപ്പ് കമ്പ്യൂട്ടർ ഉപയോഗിച്ച് പഠനം തുടരാനാണ് ഡോക്ടർ നിർദ്ദേശിച്ചിരിക്കുന്നത്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധന കുടുംബമായതിനാലും, ഭാരിച്ച ചികിത്സാച്ചെലവ് വന്നതിനാലും സ്വന്തമായി ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങാൻ കഴിയില്ലെന്നുള്ള വിദ്യാർത്ഥിയുടെ അച്ഛൻ ശ്രീ. വിനോദിന്റെ അപേക്ഷ പരിഗണിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നല്കുന്നതിന് അനുമതി നല്കണമെന്നുമുള്ള പരാമർശം (1)-ലെ അപേക്ഷ സർക്കാർ പരാമർശം (3) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു.

ആയതിന്റെയടിസ്ഥാനത്തിൽ ഗുരുതര രോഗത്തിന് ചികിത്സ തുടരുന്ന വിദ്യാർത്ഥി എന്നതു പരിഗണിച്ച് കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ ജില്ല.

സെക്രട്ടറി/പ്രസിഡന്റ് കോടശ്ശേരി ഗ്രാമപഞ്ചായത്ത്, ചട്ടിക്കുളം പി.ഒ, തൃശ്ശൂർ.

ശ്രീ. വിനോദ് കൊളത്താപ്പിള്ളി, S/o. വേലായുധൻ, കുറ്റിച്ചിറ വില്ലേജ്, കുണ്ടുകുഴിപ്പാടം ദേശം, കോടശ്ശേരി പഞ്ചായത്ത് 5-ാം വാർഡ്, തൃശ്ശൂർ ജില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 05-08-2024 11:09:04
സെക്ഷൻ ഓഫീസർ.